HON'BLE MR. C. KESAVAN : അതിനു നോട്ടിഫിക്കേഷനുണ്ട്. അതു നോക്കിയാലറിയാം.

പ്രൈവറ്റ് ഹോസ്റ്റലുകൾ.

303 [MR. P. K. KRISHNAN SASTRI : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

ഹരിജൻ വിദ്യാർത്ഥിനികളെ താമസിപ്പിച്ചുവരുന്ന പ്രൈവറ്റ് ഹോസ്റ്റലുകൾ ഏതെല്ലാം എന്നും, ഓരോന്നിലും ഉള്ള വിദ്യാർത്ഥിനികൾ എത്രയെന്നും, ഓരോ സ്ഥാപനത്തിനും പ്രതിമാസം പിന്നാക്കസമുദായ സംരക്ഷകഡിപ്പാർട്ടുമെൻറിൽ നിന്നും കൊടുക്കുന്ന ഗ്രാൻറ് എത്ര എന്നും പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനു മനസ്സുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN : ഹരിജന വിദ്യാർത്ഥിനികളെ തിരുവനന്തപുരത്തു ആനന്ദനിലയം, മഹിളാമന്ദിരം എന്നീ രണ്ടു ഹോസ്റ്റലുകളിൽ താമസിപ്പിക്കുന്നതിനു ഏർപ്പാടുചെയ്തിട്ടുണ്ട്. ആദ്യത്തേതിൽ ക്ലാസ്സ് 0–ം, രണ്ടാമത്തേതിൽ ക്ലാസ്സ് 0–ം കുട്ടികൾ താമസിക്കുന്നു. ആനന്ദനിലയത്തിലുള്ള കുട്ടികൾക്ക് നൂ0 രൂപ ഗ്രാൻറ് കൊടുക്കുന്നുണ്ട്. മഹിളാമന്ദിരത്തിൽ കോളേജിലും, ഹൈസ്കൂളിലും പഠിക്കുന്ന വിദ്യാർത്ഥിനികൾക്കു നൂ0 രൂപ വീതം ഗ്രാൻറ് കൊടുക്കുന്നു. മറ്റു ക്ലാസ്സുകളിൽ പഠിക്കുന്നവർക്കു 0 ഉ. രൂപയും ഗ്രാൻറ് കൊടുക്കുന്നുണ്ട്.

MR. KANNARA GOPALA PANICKER : ഹരിജനങ്ങൾക്കുവേണ്ടി ചെങ്ങന്നൂരിൽ ഒരു പ്രൈവറ്റ് ഹോസ്റ്റൽ നടത്തുന്നുണ്ടോ?

HON'BLE MR. G. RAMACHANDRAN : അറിവില്ല.

MR. ALEXANDER VAKAYIL (*Parur II—Latin Catholic Reserved*) : ഈ ഹരിജനഹോസ്റ്റലുകളിലെ താമസം തൃപ്തികരമല്ലെന്നു ഗവണ്മെൻറിനു പരാതികൾ കിട്ടിയിട്ടുണ്ടോ?

HON'BLE MR. G. RAMACHANDRAN : ഇല്ല.

MR. ALEXANDER VAKAYIL : ഹരിജനഹോസ്റ്റലുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ ഈ സഭയിലേയ്ക്കു തിരഞ്ഞെടുത്തിട്ടുള്ള അംഗങ്ങളെ നോൺ ഒഫിഷ്യൽ അംഗങ്ങളായി നിയമിച്ചാൽ ഹോസ്റ്റലുകളെ സംബന്ധിച്ചു ശരിയായ റിപ്പോർട്ടുകൾ കിട്ടാൻ സാധിക്കുമെന്നു വിചാരിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. G. RAMACHANDRAN : അതേപ്പറ്റി ആലോചിക്കേണ്ട ആവശ്യം ഗവണ്മെൻറിനുണ്ടായില്ല. വേണമെങ്കിൽ അതേപ്പറ്റി ആലോചിക്കാം.

ഹരിജൻ ഹോസ്റ്റലുകൾ.

304. MR. P. K. KRISHNAN SASTRI : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

ഹോസ്റ്റലുകളിൽ താമസിക്കുന്ന പിന്നോക്കസമുദായവിദ്യാർത്ഥികളുടെ സുഖസൗകര്യങ്ങളെപ്പറ്റി അന്വേഷിക്കുന്നതിനു ഒരു പ്രത്യേക ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ ആരെന്നും പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനു് മടിയുണ്ടാകുമോ?

HON'BLE MR. G RAMACHANDRAN : അങ്ങനെ ഒരു പ്രത്യേക ഉദ്യോഗസ്ഥനില്ല. അതുകൊണ്ടു് മറ്റുള്ള ചോദ്യങ്ങൾ ഉദിക്കുന്നില്ല.

MR. P. K. KRISHNAN SASTRI : ഹരിജനഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്കു പലവിധ അസൗകര്യങ്ങളും ഉണ്ടാകുന്നുണ്ടെന്നറിയാമോ?

HON'BLE MR. G. RAMACHANDRAN : ചിലതൊക്കെ കാണും.

MR P. K. KRISHNAN SASTRI : അതുകൊണ്ടു ഈ അസൗകര്യത്തെപ്പറ്റി അന്വേഷിക്കുന്നതിനു് പ്രത്യേകം ആളുകളെ നിയമിക്കുന്നതു നന്നായിരിക്കുമെന്നു തോന്നുന്നുണ്ടോ?

HON'BLE MR. G. RAMACHANDRAN : അന്വേഷിക്കുന്നതിനു പ്രത്യേകം ആളുവയ്ക്കുന്നതിനെപ്പറ്റി ആലോചിച്ചിട്ടില്ല. ഇപ്പോൾ ഹോസ്റ്റലിൽ ഒരു വാർഡനുണ്ടു്. പിന്നെ അവശസമുദായസംരക്ഷകൻ എന്നു ഉദ്യോഗസ്ഥനുമുണ്ടു്. അതുകൊണ്ടു് പ്രത്യേകം ആളുവേണമെന്നു തോന്നുന്നില്ല.

MR. ABDUL AZIZ (*Trivandrum I—Muslim Reserved*) : ഇവിടെ അവശസമുദായക്കാർ എന്ന ഉത്തരത്തിൽ പറഞ്ഞതു്, ഹൈന്ദവവിഭാഗത്തിൽപ്പെട്ടവരെമാത്രം ഉദ്ദേശിച്ചാണോ?

HON'BLE MR. G. RAMACHANDRAN: അതിനു് ഉത്തരം പെട്ടെന്നു പറയുവാൻ നിവൃത്തിയില്ല. അവശസമുദായക്കാരെന്നു പൊതുവെ പറയാം.

MR. K. A. MATHEW (*Thiruvalla IV— General*) : ഹരിജനവിദ്യാർത്ഥികളെ മറ്റുള്ള കുട്ടികൾ താമസിക്കുന്ന സ്ഥലത്തു് താമസിപ്പിക്കുന്നതല്ലേ നല്ലതു?

LIBRARY ARCHIVES Kerala Legislative Assembly